AMLPS പുളിക്കൽപറമ്പ് - 2025 - 26
സ്കൂൾതലം.

# ആമുഖം.

2025 - 26 സമഗ്ര ഗുണമേന്മ വർഷത്തിന് തുടക്കം കുറിക്കുകയാണ്. എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നത് തന്നെയാണ് നമ്മുടെ ആത്യന്തിക ലക്ഷ്യം. പഠന പ്രവർത്തനങ്ങളും പാഠ്യേതര പ്രവർത്തനങ്ങളും ശിശുസൗഹൃദപരവും ആസ്വാദ്യകരവും ആക്കുന്നതിനുതകും വിധം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്നതോടൊപ്പം ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്ന കുഞ്ഞുങ്ങളെ കൂടി ഉൾപ്പെടുത്തി പുരോഗതിയിലേക്ക് നയിക്കുക എന്നതും പ്രധാന ലക്ഷ്യമാണ്.

ഭൗതികവും അക്കാദമികവുമായ മികവ് പുലർത്തുന്ന പ്രവർത്തനങ്ങൾ, ഭാഷാശേഷി ശാസ്ത്ര - പ്രവൃത്തി പരിചയം, കല, കായികം ഇവയിൽ മികവ് പുലർത്തുന്ന പരിപാടികൾ നടപ്പിലാക്കുക എന്നതും പ്രധാനലക്ഷ്യമാണ്.

## * ഭൗതിക സൗകര്യം

- സ്കൂൾ ഓഡിറ്റോറിയം (3rd floor) നിർമ്മാണം ഏറെക്കുറെ പൂർത്തിയായി. കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുമിച്ചിരുന്ന് പരിപാടികൾ ആസ്വദിക്കാനുതകും വിധമാണ് നിർമ്മാണം.
- മിക്ക ക്ലാസ്സുകളും smart ആണ്. ബാക്കിയുള്ളവ ഈ വർഷം തന്നെ smart class ആക്കും
- കമ്പ്യൂട്ടർ ലാബ്, പുതിയ ലൈബ്രറി എന്നിവ നിർമ്മിച്ചു കൊണ്ടിരിക്കുന്നു.
- ശുചിമുറികൾ ഉണ്ട്. കുറച്ചു കൂടി നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്.
- ഇനി എല്ലാ ക്ലാസ്സുകളിലും ലൈബ്രറിക്കായി shelf ഒരുക്കേണ്ടതുണ്ട്. കുട്ടികളുടെ സാധനങ്ങൾ സൂക്ഷിക്കാനും shelf ആവശ്യമാണ്.
- ചുറ്റുമതിലും ഗേറ്റും വൃത്തിയുള്ള പരിസരവും എല്ലാമുള്ള നല്ല വിദ്യാലയ അന്തരീക്ഷം നമുക്കുണ്ട്.

# അക്കാദമികം

- ലൈബ്രറി ശാക്തീകരണത്തിനായി കൂടുതൽ പുസ്തകങ്ങൾ ശേഖരിക്കും.
- 'വീട് ഒരു വായനക്കൂട്' പദ്ധതിക്ക് തുടക്കമിടും.
- ആഴ്ചയിൽ 1 ലൈബ്രറി പുസ്തകം 1 കുട്ടിക്ക് വായിക്കാൻ അവസരം
- പിറന്നാൾ പുസ്തകം ക്ലാസ് റൂം ലൈബ്രറിയിലേക്ക്.
- കൂടാതെ അതത് ക്ലാസ് പ്രവർത്തനങ്ങൾ
- രക്ഷിതാക്കൾക്കുള്ള സർഗാത്മക രചനകൾ പ്രോത്സാഹിപ്പിക്കും.

## ശാസ്ത്ര - ഗണിതം - പ്രവൃത്തിപരിചയം

- മേളകളിൽ മികച്ച വിജയത്തിനായി നേരത്തെ (Aug) selection നടത്തി പരിശീലനം തുടങ്ങും.

- കഴിഞ്ഞ വർഷം WE - sub dt - 4-ാം സ്ഥാനം. ലഭിച്ചിരുന്നു. മികവ് ഒന്നു കൂടി ഉയർത്താൻ പരിശ്രമിക്കും.

- കലാമേളയിലും മികച്ച പരിശീലനം നൽകും
- L.S.S - പരിശീലനം നേരത്തെ തുടങ്ങും. എഴുതിയ എല്ലാവരും LSS നേടുക എന്ന ലക്ഷ്യത്തിനായി പ്രയത്നിക്കും.

## ഒന്നാം ക്ലാസ്

മലയാളം, EVS, നിർമ്മാണം, കല...

- ജൂൺ 19 മുതൽ വായനോത്സവം തുടങ്ങുന്നു.
- അമ്മ വായന [വീഡിയോ പങ്കിടൽ]
- കഥ പറയൽ [കുട്ടി, അമ്മ]
- വായിച്ച കഥയിലെ ആശയം സ്വാംശീകരിച്ച് കുട്ടി കഥ പറയുന്നു.
- മറ്റ് വായന സാമഗ്രികൾ പ്രയോജനപ്പെടുത്തുന്നു. [വീട്, ക്ലാസ് ലൈബ്രറി.]
- ജൂലൈ 15 മുതൽ സംയുക്ത ഡയറി എഴുതാൻ തുടങ്ങുന്നു. ഇടയ്ക്ക് വിലയിരുത്തൽ നടത്തി പ്രയാസമുള്ളവരെ കണ്ടെത്തി പിന്തുണ നൽകുന്നു.
- നവംബർ മുതൽ രചനോത്സവം തുടങ്ങുന്നു. ഉൽപന്നമായി ഫെബ്രുവരിയിൽ കഥ, കവിത, സംഭാഷണം, .... ഉൾപ്പെടുത്തി പത്ര പ്രകാശനം.
- എല്ലാവരും 2 വായന കാർഡെങ്കിലും നിർമ്മിക്കുന്നു.
- സംയുക്ത ഡയറി പ്രകാശനം -
- ശാസ്ത്രോത്സവത്തിൽ പങ്കാളിത്തം (EVS) പരീക്ഷണങ്ങൾ - നിരീക്ഷണം...

## ഗണിതം

- ഗണിതാശയങ്ങൾ ഉറപ്പിക്കാൻ കുഞ്ഞുപുസ്തകം ഉപയോഗിക്കുന്നു. പ്രവർത്തനങ്ങൾ -
- Sand tray [ELPS] പ്രവർത്തനങ്ങൾ ഉപയോഗം.
- കളിപ്പെട്ടി, മഞ്ചാടി സഞ്ചി ഉപയോഗം.

## English

Reading, writing, Performing Roleplay with masks -

# പ്രവർത്തന ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും ആവിഷ്കരിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയാറാക്കാൻ ശേഷിയുള്ളവരാക്കുക.
- ആശയാവതരണം സ്വതന്ത്രമായ ലോകത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ സംഘങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, വർണ്ണന, കഥ എന്നിവ തയാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു. (കവിതാ പൂരണം)

അതാത് ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം വാക്കിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്

## ജൂൺ

ചിത്രകാർഡുകൾ നൽകൽ (ചിത്രം പദം) ഉൾക്കൊണ്ട്
വായനയ്ക്ക് ക്ലാസിൽ അവസരമൊരുക്കൽ
വായനാസാമഗ്രികൾ നിർമ്മിക്കൽ
വായനയും എഴുത്തും വികസിപ്പിക്കുവാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ
സന്ദർഭത്തിന് അനുയോജ്യമായ ഭാഷകൾ കണ്ടെത്തുക.

## ജൂലൈ

- പാഠവുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണവുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്നു.
- ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുത്തും പരീക്ഷണക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുന്നു.
- സ്വന്തം അനുഭവങ്ങൾ കൂട്ടിച്ചേർത്ത് അനുഭവക്കുറിപ്പ് തയ്യാറാക്കുന്നു
- പഴഞ്ചൊല്ലുകൾ ഭാഷയ്ക്ക് നൽകുന്ന ഭംഗിയും സൗന്ദര്യവും തിരിച്ചറിയുക.

## ആഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കുന്നു.
- ചിത്രവിവരണം
- സന്ദർഭത്തിൽ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഉണ്ടാക്കുന്നു
എഴുത്ത് പരിപോഷിപ്പിക്കുക.
- ചുറ്റുപാടുമുള്ള ജലസ്രോതസ്സ് നിരീക്ഷിച്ച് സവിശേഷത തിരിച്ചറിയുന്നു

# സെപ്റ്റംബർ

വായിച്ചതിനെ പറ്റി ചിന്തകളുണർത്തൽ

വായിച്ച ഭാഗത്തിൽ നിന്ന് സന്ദർഭം കണ്ടെത്തൽ

വായിച്ച ഭാഗത്തിൽ നിന്ന് ചോദ്യങ്ങൾ ചോദിക്കൽ

വായിച്ച കഥാഭാഗങ്ങൾക്ക് ഭാവാവിഷ്ക്കാരം നൽകൽ

കഥാ സാഹിത്യം വായിച്ച് ആസ്വദിക്കുക. സ്വന്തം വാക്യത്തിലേക്ക് മാറ്റി പറയുക.

പാട്ടുകൾ / കവിതകൾ ഈണം, താളം എന്നിവ പാലിച്ച് ഉറക്കെ ആസ്വാദ്യം ചൊല്ലി നോക്കുക.

# ഒക്ടോബർ

വായനയുടെ ആഴം വർദ്ധിപ്പിക്കുക

സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു

സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്നു

ലേഖന ശേഷി വർദ്ധിപ്പിക്കൽ

വിവിധ തരത്തിലുള്ള കുറിപ്പ് തയ്യാറാക്കുന്നു.

# നവംബർ

കുട്ടികൾ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.

പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ

ഉപജീവനമായി ഇന്നും നിൽക്കുന്നവർക്ക് വേണ്ട പരിഗണന നൽകി മുന്നോട്ട് കൊണ്ടുവരൽ

ചിത്രകഥ സ്വന്തമായി വായിച്ച് ആശയം കണ്ടെത്തി പറയുന്നു.

വായിച്ച് ഗ്രഹിച്ച ആശയങ്ങൾ ഉൾപ്പെടുത്തി ചിത്രരചന നടത്തുക.

# ഡിസംബർ

കുട്ടികളുടെ വിവിധ തലങ്ങളിൽ എത്തിച്ചേരുന്നതിനുള്ള പ്രവർ
ത്തനങ്ങൾ ചെയ്യുന്നു
ഓരോ പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ
തയ്യാറാക്കാൻ അവസരം ഒരുക്കുന്നു
വായിച്ച് ശേഖരിച്ച ആശയത്തെ സ്വന്തം വാക്കുകളിൽ മറ്റുള്ളവരെ
ബോധ്യപ്പെടുത്താൻ ഭാഷ, ചിത്രങ്ങൾ എന്നിവ പ്രയോഗിച്ച്
പോസ്റ്റർ വാക്യങ്ങൾ തയ്യാറാക്കൽ

# ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവ-
സരം ഒരുക്കൽ (കവിതാപൂരണം)
ലഘുവിവരണങ്ങൾ പ്രത്യേകതകൾ എഴുതുന്നതിനും വായിക്കു
ന്നതിനുമുള്ള അവസരം ഒരുക്കൽ
വായനാ സാമഗ്രികൾ സ്വതന്ത്രമായി ഒഴുക്കോടെ ഭാവപൂർണ്ണമായി
വായിക്കുക.

# ഫെബ്രുവരി

ചുറ്റുപാട് നിരീക്ഷിച്ച് മൃഗങ്ങളുടെയും ശബ്ദവും പ്രകൃതിയിലെ
ശബ്ദം തിരിച്ചറിയുന്നു
കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം
ഭാഷണം, ലേഖനം, എഴുത്ത് എന്നീ മേഖലയിൽ കുട്ടികളെ
എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പു വരുത്തുന്നു.

# ആമുഖം

ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് "ഉല്ലാസ ഗണിതം" പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠന നേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗണിത പ്രവർത്തനത്തിലും തത്പരമായി നേടിയെടു- ക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 200 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പിക്കൽ

- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100/200 ൽ താഴെ)
- ഗണിതകിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

- സംഖ്യാബോധവും ക്രിയാശേഷികളും എല്ലാവരിലും നേടിയെടുക്കുന്നതിന്.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു (100/200 ൽ താഴെ)
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാൻ ആകും എന്ന മേഖലയിൽ എത്തിച്ചേരൽ
- പ്രായോഗിക ഗണിതപ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ

# മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

| മേഖല | പഠന ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| • രൂപങ്ങൾ ആകൃതികൾ | • ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ (ദ്വിമാന, ത്രിമാന) തിരിച്ചറിയുക.<br>• വിവിധ രൂപങ്ങൾ ചേർന്ന് പുതിയ ചിത്രങ്ങൾ രൂപീകരിക്കുക.<br>• രൂപങ്ങൾക്ക് നിറം നൽകി പാറ്റേണുകൾ നിർമ്മിക്കുക.<br>• രൂപങ്ങൾ വരയ്ക്കുകയും നിർമ്മിക്കുകയും ചെയ്യുക. | ചിത്ര വായന<br>വർക്ക്ഷീറ്റ് | ജൂൺ | |
| • സംഖ്യാബോധം | • നിത്യജീവിതവുമായി ബന്ധപ്പെട്ട് 50 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു.<br>• 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കുകയും വായിക്കുകയും എഴുതുകയും ചെയ്യുന്നു. | സംഖ്യാ കാർഡ്<br>വർക്ക്ഷീറ്റ് | ജൂലൈ | |

| | | | | |
|---|---|---|---|---|
| ● സംഖ്യാബോധം (200 വരെ) | ● നിത്യജീവിതവുമായി ബന്ധപ്പെട്ട് 200 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു.<br>● സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ. | സംഖ്യാകാർഡ്<br>വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>വർക്ക്ഷീറ്റ് | ജൂലൈ<br>ആഗസ്റ്റ് | |
| ● സ്ഥാന വില തിരിച്ചറിയൽ | ● നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ, കൂട്ടിച്ചേർത്ത് സംഖ്യ രൂപീകരിക്കൽ<br>● പ്രായോഗിക പ്രശ്നപരിഹാരത്തിനായ് കളിനോട്ടുകൾ പേപ്പർ മുഖേന വെട്ടി ഉണ്ടാക്കി സംഖ്യ എഴുതൽ | കളിയിലൂടെ പ്രശ്ന നിർദ്ധാരണം ചെയ്യൽ<br>വർക്ക്ഷീറ്റ് | ആഗസ്റ്റ് | |

സങ്കലനം. | കളുടെ സങ്കലനം മനക്കണക്കായി ചെയ്യുക. | ...കൾ തയ്യാ-റാക്കൽ | സെപ്-റ്റംബർ

• രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന

• വർക്ക്ഷീറ്റ്

• സംഖ്യാമാല

ENGLISH
class - 2

# ENGLISH

| Aim/Areas | Activities | Duration | Responsibility |
|---|---|---|---|
| • Considering the language backward. | Give work to the backword students. | | |
| • Get Femiliarised with words denoting Femili- as animals, birds, house hold things | Describe birds, animals and other things | June | Teacher. |
| • Get Femiliarised Phatic communication expression such as, Hi, Hello, I am sorry, Thank you, Bye. | Completes given conversation. Forming the dialogue. | June | Teacher. |

| | | | |
|---|---|---|---|
| • Get Femilarised with the rhythm and Pattern of songs. | Heared songs and singing. | June | Teacher. |
| • Respond to teacher talk and interaction in the target language. | Games and other discourses. | June to march. | Teacher parents |
| • Describe Femiliar objects animals, birds, household things | picture description | June July | Teacher. |
| • Read and comprehend simple stories, songs & conversational pieces. | Listen and read stories, songs ; Using library books | June to march | Teacher |
| • Write description, thought and dialogues related to specific context using structured expressions. | Write the discourses based on TB. Using charecters in story. | July | Teacher |

| | | | |
|---|---|---|---|
| • Add their own lines to a given song by substituting lines. | Write based on TB works, Mushroom song and other songs. | July | Teacher. |
| • Develop positive attitude towards socialisation and Friendship | Hearing the stories related Friend ship | July to march | Teacher |
| • Engage in and perform skits and choreography. etc. | Performing the skit connecting based on story. | July | Teacher Parents. |
| | | | |

# Academic Master plan - Malayalam III

2025 - 2026 Std - III

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| *നാടൻപാട്ട് ചൊല്ലിക്കേട്ടു സ്വയം താളം പിടിച്ചു ചൊല്ലിയും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക. | കുട്ടികൾ വ്യക്തിഗതമായും സംഘമായും കവിത ചൊല്ലി അവതരിപ്പിക്കുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ |
| * സമാനമായ താളത്തിൽ വായ്ത്താരികൾ ഉണ്ടാക്കി താളംപിടിച്ച് ആകർഷകമായി ചൊല്ലുക. | കുട്ടികൾ കൂടുതൽ വായ്ത്താരികൾ സമാന താളത്തിൽ കണ്ടെത്തുകയോ , ഉണ്ടാക്കുകയോ ചെയ്യുന്നു. ക്ലാസിൽ താളത്തിൽ അവതരിപ്പിക്കുന്നു. | | |
| * നാട്ടുകഥകൾ കേട്ട് ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ സന്തോഷിക്കുക. | കുട്ടികൾ സ്കൂൾ ലൈബ്രറിയിൽ നിന്നും നാടോടികഥ പുസ്തകങ്ങൾ എടുത്ത് വായിക്കൽ. നാടോടികഥകളെ അടുത്തറിയൽ. ഓരോ കുട്ടികളും തങ്ങൾ വായിച്ച പുസ്തകങ്ങളെ ക്ലാസിൽ പരിചയപ്പെടുത്തി അവതരിപ്പിക്കുന്നു. | | |
| *വിവരണം , കടങ്കഥ സ്വഭാവമുള്ള കവിത കാർഡ് എന്നിവ വായിച്ച് കാഴ്ചപ്പാടുകൾ തിരിച്ചറിയുകയും സ്വയം അഭിപ്രായം, പോസ്റ്റർ കാർഡ് എന്നീ വ്യവഹാര രൂപങ്ങളിലൂടെ | കുട്ടികൾ വ്യത്യസ്ത വ്യവഹാര രൂപങ്ങൾ ഗ്രഹിച്ച് കാഴ്ചപ്പാടുകൾ തിരിച്ചറിഞ്ഞ് വ്യക്തിഗതമായി കാർഡ്, പോസ്റ്റർ എന്നിവ നിർമ്മിക്കുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ...അവതരിപ്പിക്കുകയും ചെയ്യുന്നതിൽ ആനന്ദം കണ്ടെത്തുന്നു. | | | |
| കവിതയിൽ രസങ്ങളും വിവിധ താളങ്ങളും വേർതിരിഞ്ഞ് താളം പിടിച്ചു ചൊല്ലിരസിക്കുക. | കുട്ടികൾക്കായി ടീച്ചർ വിവിധ കവിതകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. കുട്ടികൾ താളങ്ങളെ വേർതിരിക്കുന്നു, വ്യത്യസ്ത താളങ്ങളിൽ കവിത ക്ലാസിൽ ചൊല്ലി അവതരിപ്പിക്കുന്നു. | | |
| കവിതകളും പാട്ടുകളും ഉചിതമായ ഈണവും താളവും നൽകി ആവിഷ്കരിക്കുന്നതിലൂടെ സന്തോഷം കണ്ടെത്തുക. | കുട്ടികൾ സംഘമായും ഒറ്റയ്ക്കും കവിതകൾക്കു യോജിച്ച ഈണവും താളവും കണ്ടെത്തി ക്ലാസിൽ ആലാപനം നടത്തുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ |
| പരിചയപ്പെടുന്ന വാക്കുകൾ അക്ഷരമാലക്രമത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ ആനന്ദിക്കുക. | കുട്ടികൾ അവർ പുതുതായി പഠിച്ച, പരിചയപ്പെട്ട വാക്കുകൾ ഉപയോഗിച്ച് നിഘണ്ടു നിർമ്മിക്കുന്നു. | | |
| പരിചിതമായ വിഷയങ്ങളെ മുൻനിർത്തി വിവരണങ്ങൾ തയാറാക്കുന്നതിൽ സന്തോഷിക്കുക. | കുട്ടികൾ അവർക്ക് സുപരിചിതമായ കാര്യങ്ങളെയോ വിഷയങ്ങളെ ആസ്പദമാക്കി കുറിപ്പ് തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു. | | |
| ചിത്രം വായിച്ചാസ്വദിച്ച് സ്വയം അഭിപ്രായം പ്രകടിപ്പിക്കുക, ചിത്രങ്ങൾ നിരീക്ഷിച്ച് അവയുടെ സൂക്ഷ്മമായ സൗന്ദര്യാംശങ്ങൾ കണ്ടെത്തുന്നതിൽ ആനന്ദിക്കുക. | കുട്ടികൾക്ക് വ്യത്യസ്തങ്ങളായ ചിത്രങ്ങൾ കാണാൻ അവസരം നൽകുന്നു. അവർ ഓരോരുത്തരും ചിത്രവായന നടത്തുന്നു. സൗന്ദര്യ ഘടകങ്ങൾ മനസ്സിലാക്കുന്നു. | | |

| | | | |
|---|---|---|---|
| കവിതകളും പാട്ടുകളും ഉചിതമായ ഈണവും താളവും നൽകി അവതരിപ്പിക്കുന്നതിലെ സന്തോഷം അനുഭവിക്കുക. | ഓരോ കവിതകളും വ്യത്യസ്തമായ ഈണങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുകയും, കവിത ഈണത്തിലും താളത്തിലും കവിത ആലപിക്കുന്നു. | നവംബർ ഡിസംബർ | ക്ലാസ് ടീച്ചർ ഹെഡ്മിസ്ട്രസ് |
| * കവിത ചൊല്ലിക്കൊടുത്തു സ്വയം താളം നൽകി അവതരിപ്പിക്കുന്നതിലൂടെ സന്തോഷം അനുഭവിക്കുക. | കൂടുതൽ കവിതകൾ കണ്ടെത്തിയും അവ കേട്ടും അതിന്റെ താളവും ഈണവും നൽകുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു. കവിത പതിപ്പ് | | |
| * അനുയോജ്യമായ ഭാവം, ഒഴുക്ക്, ഉച്ചാരണ ശുദ്ധി അർത്ഥ വ്യത്യാസമുള്ള ഊന്നലുകൾ എന്നിവയോടെ ആകർഷകമായി സ്വയം തയ്യാറായി വായിച്ചവതരിപ്പിക്കുക | വായന കാർഡുകളായ, ഭാവം ഒഴുക്ക്, ഉച്ചാരണ ശുദ്ധി എന്നിവ ഉൾക്കൊണ്ട് വായിക്കുന്നു. അർത്ഥ വ്യത്യാസമുള്ള ഊന്നലുകൾ നൽകുന്നു. | ജനുവരി ഫെബ്രുവരി | ക്ലാസ് ടീച്ചർ |
| * ശൈലികൾ സമാന പദങ്ങൾ എന്നിവ കണ്ടെത്തുന്നതിനും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിലും ആനന്ദിക്കുക. | ടീച്ചറുടെ സഹായത്തോടെ പാഠഭാഗങ്ങളിലെയും, കൂടുതൽ വാക്കുകളുടെയും ശൈലികൾ, സമാന പദങ്ങൾ കണ്ടെത്തി എഴുതൽ, വിവിധ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നു. | | |
| *ചിത്രങ്ങൾ വായിച്ച് ആശയങ്ങൾ തിരിച്ചറിയുന്നതിൽ ആനന്ദിക്കുക.<br>* ആസ്വദിച്ച കാര്യങ്ങൾ പോസ്റ്റർ എന്ന വ്യവഹാര രൂപത്തിലൂടെ അവതരിപ്പിക്കുന്നു. | കുട്ടികൾ ചിത്രവായന നടത്തി ആശയങ്ങൾ ഗ്രഹിക്കുന്നു, അവ തിരിച്ചറിയുന്നു.<br>കുട്ടികൾ ആസ്വദിച്ച കാര്യങ്ങൾ പോസ്റ്റർ രൂപത്തിലാക്കുന്നു ടീച്ചർ പോസ്റ്ററിനാവശ്യമായ സൂചകങ്ങൾ നൽകുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ |

# Academic Master plan - Maths

2025 - 2026 Std - III

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| * നിത്യ ജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു - തരംതിരിക്കുന്നു. | കുട്ടികൾ അവർക്ക് ചുറ്റും കാണുന്ന ജ്യാമിതീയ രൂപങ്ങളെ തിരിച്ചറിയുന്നു. അവ പട്ടികപ്പെടുത്തുന്നു. ക്ലാസിൽ അവതരിപ്പിച്ച് കൂടുതൽ പരിചയപ്പെടുന്നു. പാറ്റേൺ പരിച്ച് | ജൂൺ | ക്ലാസ് ടീച്ചർ |
| * ജ്യാമിതീയ രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്നു | വ്യത്യസ്ത ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിഞ്ഞ് നിറം നൽകുന്നു. A4 ൽ രൂപങ്ങൾ ഒട്ടിക്കുന്നു. | | |
| * മൂന്നക്ക സംഖ്യകൾ അക്കരൂപത്തിലും അക്ഷരത്തിലും പറയുകയും എഴുതുകയും ചെയ്യുന്നു. | കുട്ടികൾ മൂന്നക്ക സംഖ്യകൾ പരിചയപ്പെടുന്നു. അവ അക്കത്തിലും അക്ഷരത്തിലും നോട്ട്പുസ്തകത്തിൽ കുറിച്ച് അവതരിപ്പിക്കുന്നു. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ |
| * സ്ഥാനവില അനുസരിച്ചും അല്ലാതെയും മൂന്നക്ക സംഖ്യകൾ പിരിച്ചെഴുതുന്നു. | സ്ഥാനവില മനസ്സിലാക്കി പിരിച്ചെഴുതുന്നു. നോട്ടിൽ എഴുതി അവതരിപ്പിക്കുന്നു. | | |
| * നിത്യജീവിത സന്ദർഭങ്ങളുടെ ഭാഗമായും കളികളുടെ ഭാഗമായും ആയിരം വരെയുള്ള സംഖ്യകൾ വ്യാഖ്യാനിക്കുന്നു. | നിത്യജീവിതത്തിലെ സംഖ്യകളുടെ പ്രാധാന്യം മനസ്സിലാക്കുന്നു. ആയിരം വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു. | | |

| | | | |
|---|---|---|---|
| പ്രായോഗിക പ്രശ്നങ്ങൾ ഉൾപ്പെട്ട 1 മുതൽ 2000 വരെയുള്ള സംഖ്യകൾ വായിക്കുകയും അക്കത്തിലും അക്ഷരത്തിലും എഴുതുകയും ചെയ്യുന്നു. | കുട്ടികൾ ഒന്നു മുതൽ 2000 വരെയുള്ള സംഖ്യകൾ അക്കത്തിലും അക്ഷരത്തിലും കുറിക്കുന്നു. | ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ |
| * നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്ക് നാണയങ്ങളും കറൻസികളും ക്രയവിക്രയം നടത്താൻ ഉപയോഗിക്കുന്നു. | നിത്യജീവിതത്തിലെ പണത്തിന്റെ പ്രാധാന്യം അത് കൈകാര്യം ചെയ്യേണ്ട രീതി എന്നിവ മനസ്സിലാക്കുന്നു. പണത്തിന്റെ മാതൃകയും ക്ലാസിൽ കൊടുത്ത് കുട്ടികൾ പണം എണ്ണി തിട്ടപ്പെടുത്തുന്നു. | | |
| * നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. അപഗ്രഥിക്കുന്നു. നിർധാരണം ചെയ്യുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു. | മൂന്നക്ക സംഖ്യകളുടെ സങ്കലനങ്ങൾ ടീച്ചർ നൽകുന്നു. സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ കുട്ടികൾ വിശകലനം ചെയ്ത് കുട്ടികൾ ഉത്തരം കണ്ടെത്തുന്നു. | ആഗസ്റ്റ് സെപ്തംബർ | ക്ലാസ് ടീച്ചർ. |
| * നിത്യജീവിതത്തിന്റെ ഭാഗമായും കളികളുടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിന് നീളത്തിന്റെ അളവുമായി ബന്ധപ്പെട്ട പട്ടികകൾ ആശയങ്ങൾ എന്നിവ | നിത്യജീവിതത്തിലെ അളവുകളുടെ പ്രാധാന്യം ചർച്ചചെയ്യുന്നു. ക്ലാസിലെ വ്യത്യസ്ത വസ്തുക്കളുടെ നീളം സ്കെയിൽ ഉപയോഗിച്ച് അളന്ന് അളവുകൾ നോട്ടിൽ രേഖപ്പെടുത്തുന്നു. | സെപ്തംബർ | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| കൃത്യതയോടെ ഉപയോഗിക്കുന്നു. | | | |
| * നീളം അളക്കുന്നതിന് അനുയോജ്യമായ ഉപകരണങ്ങൾ സൂക്ഷ്മതയോടെ ഉപയോഗിക്കുന്നു. | നീളം അളക്കുന്നതിനുപയോഗിക്കുന്ന ഉപകരണങ്ങളെ പരിചയപ്പെടുന്നു. അളവുകളിലെ കൃത്യത കണ്ടെത്താൻ വ്യത്യസ്ത അളവുകളുള്ള സാധനങ്ങൾ അളക്കുന്നു. | | |
| * നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങളുമായി ബന്ധപ്പെട്ട സംഖ്യകളുടെ ഗുണന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. | നിത്യജീവിതത്തിലെ ഗുണനത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നു. വ്യത്യസ്ത സന്ദർഭങ്ങളിൽ ഗുണനത്തിന്റെ പ്രാധാന്യം മനസ്സിലാകും വിധം പ്രവർത്തനങ്ങൾ നൽകുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ |
| * ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രശ്നങ്ങൾ അപഗ്രഥിക്കുന്നു. നിർധാരണം ചെയ്ത് നിഗമനം രൂപീകരിക്കുന്നു. | ഗുണനക്രിയ ചെയ്യാൻ നൽകുന്നു. ഗുണനക്രിയയിലെ സ്ഥാനവില, ഗുണനപ്പട്ടികയുടെ സഹായത്തോടെ ചെയ്യുന്നു. പ്രശ്നങ്ങൾ പരിഹരിക്കുന്നു | | |
| * നിത്യജീവിതത്തിന്റെ വിവിധ സന്ദർഭങ്ങളിലെ മൂന്നക്കസംഖ്യകളുടെ വ്യവകലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. | കുട്ടികൾക്ക് മൂന്നക്ക സംഖ്യകളുടെ വ്യവകലന ക്രിയകൾ നൽകുന്നു. പ്രശ്നപരിഹരണ ക്രിയകൾ കുട്ടികൾ ചെയ്യുന്നു. | ഒക്ടോബർ നവംബർ | ക്ലാസ് ടീച്ചർ |
| * പ്രശ്നാപഗ്രഥനം നടത്തി നിർധാരണം ചെയ്യുന്നു. | കുട്ടികൾക്ക് മൂന്നക്ക സംഖ്യയുടെ വ്യവകലനം വരുന്ന വ്യത്യസ്ത ചോദ്യങ്ങൾ നൽകുന്നു. ഉത്തരമെഴുതുന്നു. | | |

| | | | |
|---|---|---|---|
| ...വശ്യം അറിയുന്ന-തിനും അനുയോജ്യ-മായ ഉപകരണ-ങ്ങൾ സൃഷ്ടിക്ക-...യുടെ തെരഞ്ഞെടു-...ചെയ്യുന്നു. | കുട്ടികളിൽ നിത്യജീവിതത്തിലെ സമയത്തിന്റെയും, സമയകൃത്യ-തയുടെയും പ്രാധാന്യം മനസ്സി-ലാക്കുന്നു. ക്ലോക്കിന്റെ മാതൃക നിർമ്മിക്കുന്നു. സ്കൂൾ സമയക്രമം നിർമ്മിക്കുന്നു. | നവംബർ ഡിസംബർ | ക്ലാസ് ടീച്ചർ |
| ദൈനംദിന ജീ-വിതത്തിലെ വിവി-ധ പ്രവർത്തന-ങ്ങൾ ആസൂത്ര-ണം ചെയ്യുന്ന-തിന് കലണ്ടർ ഉപയോഗിക്കുന്നു. | കുട്ടികൾ കലണ്ടർ നോക്കി ദിവസങ്ങൾ മാസങ്ങൾ പരി-ചയപ്പെടുന്നു. ക്ലാസിൽ കലണ്ടർ കൊണ്ടുവന്ന് കു-ട്ടികൾ ദൈനംദിന പ്രവർത്തന-ങ്ങൾ വിവരിക്കൽ. | | |
| * നിത്യജീവിതത്തിലെ വിവിധ സന്ദർഭങ്ങ-ളിൽ ഗുണനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്-നങ്ങൾ വിശകലനം ചെയ്യുന്നു. | കുട്ടികളിൽ ഗുണനക്രിയയെ നിഷ്പ്രയാസം ചെയ്യാനുതകും വിധം പ്രവർത്തനങ്ങൾ നൽകുന്നു. കുട്ടികൾ ഗുണന ക്രിയകൾ ചെയ്ത് ഉത്തരം കണ്ടെത്തുന്നു. | ഡിസംബർ ജനുവരി. | ക്ലാസ് ടീച്ചർ |
| * നിത്യജീവിത സന്ദ-ർഭങ്ങളിലെ പ്രശ്-നങ്ങൾ വിശകലനം ചെയ്യുന്നു. അപ-ഗ്രഥിക്കുന്നു. ഹരണ-ക്രിയ ഉപയോഗിച്ച് നിർദ്ധാരണം ചെ-യ്യുന്നു. | കുട്ടികളിൽ ഹരണക്രിയയെ കുറിച്ചുള്ള അവബോധം സൃ-ഷ്ടിക്കുന്നു. ഹരണക്രിയ ഉപ-യോഗിക്കുന്ന സന്ദർഭങ്ങൾ പരിചയപ്പെടുത്തുന്നു. ഹര-ണ ക്രിയകൾ അടങ്ങിയ പ്രവ-ർത്തനങ്ങൾ ടീച്ചർക്കൊപ്പം ചെയ്യുന്നു. | ജനുവരി. | ക്ലാസ് ടീച്ചർ |
| * നിത്യജീവിതത്തിന്റെ ഭാഗമായും കളികളു-ടെ ഭാഗമായും വിവിധ ആവശ്യങ്ങൾ നിറ-വേറ്റുന്നതിന് | ഉള്ളളവ്, ഭാരം എന്നിവ ക്ലാസിൽ മനസ്സിലാക്കുന്നതി-നായി ക്ലാസിൽ അളവുകൾ കണ്ടെത്തുന്ന പ്രവർത്തന-ങ്ങൾ ചെയ്യുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ |

| | | | |
|---|---|---|---|
| ഉള്ളളവ്, ഭാരം എന്നിവയുമായി ബന്ധപ്പെട്ട ആശയങ്ങൾ, പദങ്ങൾ എന്നിവ കൃത്യതയോടെ ഉപയോഗിക്കുന്നു. | പദങ്ങൾ ക്ലാസിൽ പരിചയപ്പെടുത്തുന്നു. ഉപകരണങ്ങൾ ഉപയോഗിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നു. | | |
| * ചിത്രരൂപത്തിൽ നൽകിയ വിവരങ്ങൾ വിശദീകരിക്കുന്നു.<br>* വിവരങ്ങളുടെ വ്യാഖ്യാനിക്കുന്നു.<br>* ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം, വിശദീകരണം. | കുട്ടികൾ ചിത്രങ്ങൾ നോക്കി എണ്ണി ഉത്തരങ്ങൾ കണ്ടെത്തുന്നു.<br>ചിത്രങ്ങൾ നോക്കി വിവരങ്ങൾ ശേഖരിക്കുന്നു.<br>ശേഖരിച്ച വിവരങ്ങൾക്കനുസരിച്ച് ചോദ്യങ്ങൾ നിർമ്മിക്കുന്നു. അവതരിപ്പിക്കുന്നു. | ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ |

# CLASS IV പരിസരപഠനം - അക്കാദമിക് മാസ്റ്റർ പ്ലാൻ

## പ്രകൃതി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം- അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | CPTA | PTA |

## ശാസ്ത്രമൂല

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ | PTA SSA |

## ശാസ്ത്രയാത്ര

| | | | | |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ | വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക് ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM SRG CPTA ക്ലാസ്ടീച്ചർ | PTA രക്ഷിതാക്കൾ |

## ഭൂപടമൊരുക്കാം

| | | | | |
|---|---|---|---|---|
| കേരളം-ഇന്ത്യ ഭൂപട വായന സൂചിക പരിചയപ്പെടുത്തൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം<br>കളറുകൾ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG ക്ലാസ്ടീച്ചർ | PTA |

| | | | | |
|---|---|---|---|---|
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | SRG HM ക്ലാസ്ടീച്ചർ | PTA |
| ശാസ്ത്ര മാസിക | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM SRG ക്ലാസ്ടീച്ചർ | PTA |

# Perspective

English is very important in our daily life. So we have to enrich our English language through reading.

# Aim

To speak, read & write English without any mistakes.

# Time

June to March

# Pretest

To check the vocabulary and writing skills of pupils.

| Aim / Area | Activities | Duration | Responsibility | Finance | Remarks |
|---|---|---|---|---|---|
| Conducts simple conversation and engages in a role play. | Conversation between Dilna and the Lady Officer | JUNE | Teacher | | |
| Reads and analyses notices and prepares in suitable situations. | Preparing a notice on Dilna's Awarding Ceremony. | | | | |
| DIARY | Diary Writing | | | | |
| Sequencing the events. | Arranging the order of the events in the story. | | | | |
| Identify the Naming words. | Finding more naming words from the story. | | | | |
| Recognises the action words | Practicing the action words with the help of pictures. | | | | |
| Conducts mock interviews in Class room. | Practice mock interview with the help of videos. | | | | |
| Identifies the rhyming words. | Poem: 'Everyday Heroes' | | | | |

| Aim / Area | Activities | Duration | Responsibility | Finance | Remarks |
|---|---|---|---|---|---|
| Comprehends a Picture / Video | Teacher's talk<br>'The Tree' Video | JUNE | Teacher | | |
| Realises the role of courage and leadership | | | | | |
| Analysing pictures and engages in discussions. | 'Doorway' explanation. | | | | |
| Identifies the activites and acts accordingly. | 'Corner still' | | | | |
| Reads and comprehends the story. | "Little hands, Big Courage" | | | | |
| Identifies and discusses the emotions of the characters in the story. | Unit Explanation | | | | |
| Learns about emergency numbers | Role-Play<br>Pictures of Emergency Situations. | | | | |
| Understands the role of fire fighters and how they help people. | Show a video about fire safety. | | | | |
| Connects the story to themes of helping others, overcoming fears and being a responsible citizen. | "Timely Help"<br>Picture discussions. | | | | |